# രണോത്സുക ഹിന്ദുത്വം അഥവാ അദ്വാനിക്കാലം

ഫസൽ റഹ്മാൻ

മണ്ഡൽ റിപ്പോർട്ടിനെ തുടർന്ന് അദ്വാനിയുടെ രഥയാത്രയിലൂടെ തുടങ്ങി വച്ച് ബാബറി മസ്ജിദ് തകർക്കലിലൂടെ തുടർന്ന് ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിലൂടെയും മുന്നോട്ട് പോയി ഗുജറാത്ത് കൂട്ടക്കൊലകളിൽ എത്തി നിൽക്കുകയാണ് ഇന്ത്യൻ ഫാസിസം എന്ന മതാധിഷ്ഠിത രാഷ്ട്രീയ നരഭോജന സംസ്കൃതി. ഹിന്ദു രാഷ്ട്ര സ്ഥാപനമെന്ന തങ്ങളുടെ അജണ്ട ഇനി എങ്ങനെയായിരിക്കും മുന്നോട്ടു കൊണ്ടു പോവുക എന്നത് ജനാധിപത്യ-മതേതര ശക്തികളുടെ മുന്നിൽ ഇപ്പോൾ പ്രധാന ഉത്കണ്ഠയാണ്. വിശേഷിച്ചും ഗുജറാത്തും ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന യുദ്ധപ്പനിയും ചേർന്ന് സംഘപരിവാർ തങ്ങളുടെ മിതവാദ മുഖംമൂടി അഴിച്ചു വെക്കുകയും അർത്ഥശങ്കക്കിടമില്ലാത്ത വിധം ആക്രമണോത്സുക ഹിന്ദുത്വം അതിന്റെ ലക്ഷ്യവും മാർഗ്ഗവുമായിക്കഴിഞ്ഞിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ അയഥാർത്ഥമെങ്കിലും, അസംബന്ധപൂർണ്ണമാം വിധം പ്രകടനപരമായി മിതവാദത്തിന്റെ പൊയ്മുഖമെങ്കിലും നിലനിർത്തിയിരുന്ന വാജ്പേയിയിൽ നിന്നും തീവ്രഹിന്ദുത്വ ഹിംസാത്മകതയുടെ പ്രതീകമായ അദ്വാനിയിലേക്ക് അധികാരം പങ്കു വെക്കപ്പെട്ടുമ്പോൾ (കൈമാറ്റം ചെയ്യപ്പെട്ടുമ്പോൾ?) പാഠങ്ങൾ കുറേക്കൂടി വ്യക്തമാകുന്നു.

എന്തു സംഭവിച്ചാലും, ഏതു പരിധി വരെ പോയാലും ഘടകകക്ഷികൾക്ക് തങ്ങളെ കയ്യൊഴിക്കാനാവില്ല എന്ന തിരിച്ചറിവിലാണ് ബി.ജെ.പി ഏറെ കൊട്ടിഘോഷിക്കപ്പെട്ട എൻ.ഡി.എ അജണ്ട മാറ്റി വെക്കുകയും സ്വന്തം രഹസ്യ അജണ്ടയിൽ ശ്രദ്ധയൂന്നിത്തുടങ്ങുകയും ചെയ്തത് എന്നത് ശ്രദ്ധാർഹമാണ്. ടാഡയും, പോട്ടയും പോലുള്ള കരിനിയമങ്ങൾ നടപ്പിലാക്കിയപ്പോഴോ, അവയൊക്കെയും തികച്ചും ഏകപക്ഷീയമായി ന്യൂനപക്ഷങ്ങൾക്കെതിരായി മാത്രം ഉപയോഗിക്കപ്പെട്ടപ്പോഴോ, ശിവസേന-വി.എച്ച്.പി-ബജ്റംഗ് ദൾ പ്രഭൃതികളും സന്യാസിമാരും രാജ്യത്തെ നിയമവാഴ്ചയെത്തന്നെ ചോദ്യം ചെയ്തുകൊണ്ട് ഭീകരാന്തരീക്ഷം സൃഷ്ടിച്ചപ്പോഴോ, എന്തിന്, ഒരു വിഭാഗത്തെ മുഴുവൻ സാമ്പത്തികമായും സാമൂഹികമായും തുടച്ചു നീക്കുന്ന തരം പ്രക്രിയയ്ക്ക് ഒരു സംസ്ഥാന ഭരണകൂടം തന്നെ നേതൃത്വം നൽകിയപ്പോൾ പോലുമോ ഒരു ചെറുവിരലനക്കാൻ പോലും കഴിയാത്ത വിധം സംഘ്പരിവാറിന്റെ കുറിപ്പടികൾക്ക് വിധേയപ്പെട്ടു കഴിഞ്ഞിരുന്നു ഘടകകക്ഷികൾ. 'മോഡിയെ മാറ്റുക' എന്ന ഒരിക്കലും നടക്കാത്ത വിനീതമായ മുദ്രാവാക്യ പാരഡിയിൽ ന്യൂനപക്ഷ പ്രേമവും പ്രതിഷേധ ബാദ്ധ്യതയും ഒന്നിച്ചു തീർത്തവരിൽ പക്ഷെ അവർ മാത്രമല്ല, 'പ്രതിപക്ഷ'മെന്ന ശാലീനമായ അഭിനയം തുടരുന്ന കോൺഗ്രസ്സുമുണ്ടായിരുന്നു. ഇടതുപക്ഷം തന്നെയും ക്രിയാത്മകവും രാഷ്ട്രീയ ധീരതയുള്ളതുമായ ഒരു സമീപനമല്ലല്ലോ ക്യാപ്റ്റൻ ലക്ഷ്മിയുടെ ഒഴികഴിവു സ്ഥാനാർത്ഥിത്വത്തിലൂടെ പ്രസിഡണ്ടു തെരഞ്ഞെടുപ്പിന്റെ പ്രശ്നത്തിൽ കാഴ്ച വെച്ചത്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം പ്രതിലോമപരതയുടെയും കുടുസ്സായ ദേശീയതയുടെയും കാര്യത്തിൽ ഒരിക്കലും ഒന്നും പഠിക്കുകയില്ലെന്നു തന്നെയാണ് എ.പി.ജെ. അബ്ദുൾ കലാമിന്റെ സ്ഥാനാർത്ഥിത്വത്തിനു നൽകിയ ഹൃദയംഗമമായ പിന്തുണയുടെ പാഠം.

**പുതിയ പാഠം ഇതു തന്നെയാണ്. സമവായ നാട്യത്തിന്റേതായ വാജ്പേയി കാലം കഴിഞ്ഞു പോയി. ഇനിയുള്ളത് രണോത്സുക ഹിന്ദുത്വത്തിന്റെ അദ്വാനിക്കാലം തന്നെയാണ്.**

ഹിന്ദുരാഷ്ട്രസ്ഥാപനമെന്ന അജണ്ട നടപ്പിലാക്കുന്നതിന് ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം ആദ്യമായി സംഘ്പരിവാറിന്റെ വ്യക്തമായ നിയന്ത്രണത്തിലുള്ള ഭരണകൂടം സ്ഥാപിക്കേണ്ടതുണ്ട്. അതിനാവശ്യമായ പാർലിമെന്റിലെ ഭൂരിപക്ഷം നേടിയെടുക്കാൻ ഭരണഘടനാനുസൃതമായ തെരഞ്ഞെടുപ്പുമാർഗ്ഗമോ, അടിയന്തിരാവസ്ഥ മാതൃകയിലുള്ള സർവ്വാധിപത്യമാർഗ്ഗമോ രണ്ടിലൊന്നാണു മുന്നിലുള്ളത്. കൂട്ടുകക്ഷി സർക്കാർ രൂപീകരണത്തിലൂടെ പ്രമുഖമെങ്കിലും ന്യൂനപക്ഷമായ ഒരു പാർട്ടി അധികാരത്തിൽ വരികയും പിന്നീട് എല്ലാ ജനാധിപത്യ പരിധികളെയും ലംഘിച്ചുകൊണ്ട് സർവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്യുക എന്നത് ജർമ്മനിയിലും ഇറ്റലിയിലും ഫാസിസം പയറ്റിത്തെളിഞ്ഞ രീതിയാണ്. എന്നാൽ പ്രാദേശിക പാർട്ടികളുടെ ശക്തമായ സ്വാധീനം പോലുള്ള കാരണങ്ങളാൽ ഇത്തരമൊരു നീക്കം ബി.ജെ.പി യെ സംബന്ധിച്ചേടത്തോളം അസാദ്ധ്യമാണ്. അടിയന്തിരാവസ്ഥാ മാതൃകയുടെ തിരിച്ചടിയും ചരിത്രപാഠമാണെന്നിരിക്കെ ആ വഴിയും സംഘ്പരിവാറിനു സ്വീകാര്യമാവാനിടയില്ല. ഭൂരിപക്ഷമില്ലാത്ത പാർട്ടിയെന്ന നിലയ്ക്ക് അത് ദുസ്സാദ്ധ്യവുമാണ്. ആ നിലക്ക് ലോക് സഭയിൽ കൂട്ടുകക്ഷിയടിസ്ഥാനത്തിൽ ഭൂരിപക്ഷം നേടിയെടുക്കൽ തന്നെയാണ് പോംവഴി. ഈയർത്ഥത്തിൽ വരാനിരിക്കുന്ന ലോക് സഭ തിരഞ്ഞെടുപ്പ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെ സംബന്ധിച്ചേടത്തോളം നിർണ്ണായകമാവും. ഒക്ടോബർ മാസത്തിൽ സംഭവിക്കാനിടയുള്ള ഗുജറാത്ത് തിരഞ്ഞെടുപ്പ് ബി.ജെ.പി ക്ക് നേട്ടമായാലും കോട്ടമായാലും ആക്രമണോത്സുക ഹിന്ദുത്വത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതായി തന്നെയാണ് അത് സംഘ്പരിവാർ അകത്തളങ്ങളിൽ വ്യാഖ്യാനിക്കപ്പെടുക.

ന്യൂനപക്ഷ സംഘർഷങ്ങൾ കത്തിപ്പൊക്കുക, പാക് വിരുദ്ധ യുദ്ധാന്തരീക്ഷം ത്രസിപ്പിച്ചു നിർത്തുക എന്നീ ഇരട്ടമാർഗ്ഗങ്ങൾ തന്നെയാവും ഒരുമിച്ചു പ്രയോഗിക്കപ്പെടുക. പാക് വിരുദ്ധത എന്നത് ഇസ്ലാം വിരുദ്ധതയും സ്വാഭാവികമായും മുസ്ലിം വിരുദ്ധതയുമാണെന്ന പ്രതീതി ഉളവാക്കുന്നതിൽ ഫാസിസ്റ്റു തന്ത്രം നേരത്തെ വിജയിച്ചു കഴിഞ്ഞിരിക്കുന്നു. മാത്രവുമല്ല, പാക് വിരുദ്ധതയുടെ തന്ത്രം ഉപയോഗിക്കുന്നതിലൂടെ കോൺഗ്രസ്സിന്റെയും മറ്റു മതേതര വിഭാഗങ്ങളുടെയും നിരുപാധിക പിന്തുണ നേടിയെടുക്കാനും ബി.ജെ.പി ക്കു കഴിയും. മറ്റു വാക്കുകളിൽ, ആഭ്യന്തരവും അതിർത്തി കടന്നുള്ളതുമായ രണോത്സുകത തന്നെയായിരിക്കും ഫാസിസം ഇനി തുറന്നു പ്രകടിപ്പിക്കുക. സംഘ്പരിവാറിന്റെ ഈയൊരു മുഖത്തിന്റെ ഏറ്റവും മികച്ച പ്രതീകം അദ്വാനി തന്നെയാണെന്നത് ഈ പശ്ചാത്തലത്തിൽ തിരിച്ചറിയപ്പെടേണ്ടതുണ്ട്. പുതിയ പാഠം ഇതു തന്നെയാണ്. സമവായ നാട്യത്തിന്റേതായ വാജ്പേയി കാലം കഴിഞ്ഞു പോയി. ഇനിയുള്ളത് രണോത്സുക ഹിന്ദുത്വത്തിന്റെ അദ്വാനിക്കാലം തന്നെയാണ്.